LIBRARY ARCHIVES Kerala Legislative Assembly

നാട്ടിക മണ്ഡലത്തിലെ സരയൂ ടൂറിസം പദ്ധതി

314 (2870) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സരയൂ ടൂറിസം പദ്ധതി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ആർക്കിയോളജി അനുമതി ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ആർക്കിയോളജി വകുപ്പ് ആവശ്യപ്പെട്ട സരയൂ പദ്ധതി സംബന്ധിച്ച രേഖകൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-സി) നാഷണൽ മോണുമെന്റ് അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതുമൂലം സരയൂ പദ്ധതി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. സരയൂ പദ്ധതിക്ക് അനുമതി നൽകുന്നതിനാവശ്യമായ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ആർക്കിയോളജി ഡയറക്ടറെ നാഷണൽ മോണുമെന്റ് അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അനുമതിക്കാവശ്യമായ രേഖകൾ ഇതിനോടകം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആർക്കിയോളജി ഡറയക്ടർക്ക് കൈമാറിയിട്ടുണ്ട്.

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

315 (2871) ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എം. ഹംസ :
ശ്രീ. സാജു പോൾ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ. ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ ; കമ്പനി നിലവിൽ വന്നത് എന്നാണ് ;

(ബി) കമ്പനി നാളിതുവരെ ടൂറിസം അടിസ്ഥാന സൗകര്യ വികസന രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(സി) പ്രസ്തുത കമ്പനി നിലവിൽ നടത്തിവരുന്ന പദ്ധതികൾ ഏതൊക്കെ ; കമ്പനി ലാഭത്തിലാണോ നഷ്ടത്തിലാണോയെന്ന വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) ഭാവിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കേരള വിനോദസഞ്ചാര വകുപ്പിന് കീഴിൽ വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യവികസനത്തിനായി 1989 ആഗസ്റ്റ് മാസം 29-ന് രൂപീകരിച്ച ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് ആണ് പുനർനാമകരണം ചെയ്ത് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ആയിട്ടുള്ളത്.

ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഇന്ത്യൻ ഹോട്ടൽ കമ്പനിയുമായി ചേർന്നുള്ള സംയുക്ത സംരംഭമായ താജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ് വഴി കൊച്ചി, കുമരകം, വർക്കല എന്നീ സ്ഥലങ്ങളിൽ ഹോട്ടൽ സംരംഭങ്ങൾ നടത്തിവരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ സരോവരം ബയോപാർക്ക് പദ്ധതി ആദ്യഘട്ടം, തളി പൈതൃക പദ്ധതി, എന്റെ നാട് നിക്ഷേപ സംഗമം, തലശ്ശേരിയിലെ ഓവർബറീസ് ഫോളി, സീ വ്യൂ പാർക്ക്, മുൻസിപ്പൽ പാർക്ക് എന്നിവയുടെ വികസനം, സപര്യ പദ്ധതി എന്നിവ കമ്പനി ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ള വിവിധ ടൂറിസം പദ്ധതികളാണ്. ജലമാർഗ്ഗമുള്ള വിനോദസഞ്ചാര സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 13-11-2014-ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ്/വാട്ടർ ടാക്സി ബോട്ട് സർവ്വീസുകൾ കെ.ടി.ഐ.എൽ. വഴി നടപ്പിലാക്കിയ ടൂറിസം പദ്ധതിയാണ്. ഇതുകൂടാതെ, സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ ടൂറിസം പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായും കെ.ടി.ഐ.എൽ. പ്രവർത്തിച്ചുവരുന്നു. കേരള സീപ്ലെയിൻ പദ്ധതിയുടെ നോഡൽ ഏജൻസി കൂടിയാണ് കെ.ടി.ഐ.എൽ.

(സി) കേരള സീപ്ലെയിൻ പദ്ധതി, കൊച്ചിയിലെ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ്/ വാട്ടർ ടാക്സി പദ്ധതി, ആക്കുളം എന്റർടെയ്ൻമെന്റ് കം ലീഷർ എൻക്ലെയ്വ് പദ്ധതി, ശാന്തിഗിരിയിലെ ടേക്ക് എ ബ്രേക്ക് പദ്ധതി, കുമരകം ഡസ്റ്റിനേഷൻ വികസന പദ്ധതി എന്നിവയാണ് ഇപ്പോൾ നിർവ്വഹണം നടത്തിവരുന്ന പ്രധാന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കമ്പനി 1991-92 മുതൽ ഇതുവരെ ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകൾപ്രകാരം 2012-13 വർഷത്തെ ലാഭം നികുതികൾക്കുശേഷം 1,43,22,604 രൂപയാണ്.

(ഡി) നൂതന വിനോദസഞ്ചാര ഉത്പന്നങ്ങൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ആദ്യമായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന വിഞ്ച് ഓപ്പറേറ്റഡ് ബീച്ച് പാരാസെയിലിംഗ്, കാരവൻ ടൂറിസം, ടെതേർഡ് ഹോട്ട് എയർ ബലൂൺ പദ്ധതി മുതലായവ അടക്കം കുമരകത്തേയ്ക്കുള്ള എക്സ്കർഷൻ ബോട്ട് സർവ്വീസ്, കെയ്ജ് ഫാമിംഗ് പദ്ധതി, മുസിരിസിലെ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ് വാട്ടർ ടാക്സി പദ്ധതി മുതലായവയാണ് ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ.

താനൂർ ഒട്ടുമ്പും ടൂറിസം പദ്ധതി

316 (2872) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ ഒട്ടുമ്പും ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) രണ്ടാംഘട്ട പ്രവർത്തിയിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2014 നവംബറിൽ ആരംഭിച്ചു.

(ബി) താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് :

1. Pavilion with Toilet Block
2. Food Court
3. Seating
4. Podium